# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5216

02.07.2013-ൽ മറുപടിക്ക്

## സഹകരണ സംഘങ്ങൾ വിതരണം ചെയ്ത കാർഷിക വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വിതരണം ചെയ്തിട്ടുള്ള കാർഷിക വായ്പയെ സംബന്ധിച്ച് എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ വിതരണം ചെയ്തിട്ടുള്ള കാർഷിക വായ്പയെ സംബന്ധിച്ച് ജില്ലാതലത്തിൽ ജോയിന്റ് രജിസ്ട്രാർമാർ അവലോകനം നടത്താറുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം ഭാരവാഹികളുടെ പ്രതിമാസ അവലോകന യോഗത്തിൽ സഹകരണ സംഘങ്ങൾ വിതരണം ചെയ്യുന്ന കാർഷിക വായ്പയുടെ പുരോഗതി താലൂക്ക് തലത്തിൽ അവലോകനം നടത്താറുണ്ട്.<br>അതോടൊപ്പം ത്രൈമാസ കാർഷിക വായ്പാ പുരോഗതി സഹകരണ സംഘം രജിസ്ട്രാർ തലത്തിലും വിലയിരുത്താറുണ്ട്. |
| (ബി) കാർഷിക വായ്പ വിതരണം ചെയ്യാത്ത എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (ബി) 16 സഹകരണ സ്ഥാപനങ്ങൾ ഉണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| തിരുവനന്തപുരം | - | 1 |
| കൊല്ലം | - | 3 |
| പത്തനംതിട്ട | - | 9 |
| ആലപ്പുഴ | - | - |
| കോട്ടയം | - | - |
| ഇടുക്കി | - | - |
| എറണാകുളം | - | - |
| തൃശ്ശൂർ | - | 1 |
| പാലക്കാട് | - | - |
| കോഴിക്കോട് | - | - |
| വയനാട് | - | - |
| മലപ്പുറം | - | - |
| കണ്ണൂർ | - | - |
| കാസർഗോഡ് | - | 2 |

(സി) ഇത്തരം സംഘങ്ങളെ കാർഷികേതര വായ്പ സംഘങ്ങളായി ക്ലാസ്സിഫൈ ചെയ്തിട്ടുണ്ടോ ; എത്ര സംഘങ്ങളെ ക്ലാസിഫൈ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

(സി) കാർഷിക വായ്പാ വിതരണം ചെയ്യാത്തതിനാൽ പത്തനംതിട്ട ജില്ലയിലെ ഒരു സംഘത്തെയും തൃശ്ശൂർ ജില്ലയിലെ ഒരു സംഘത്തെയും കാർഷികേതര വായ്പാ സംഘങ്ങളായി ക്ലാസിഫൈ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ